(ഇ) പാലക്കാട്, കോഴിക്കോട്, കൊച്ചി പാർക്കുകൾ തുടങ്ങിക്കഴിഞ്ഞു.

മെഡിക്കൽ വിദ്യാഭ്യാസ സിലബസ്

25 (*614) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സിലബസ് നിശ്ചയിച്ചതെന്നാണ് ;

(ബി) മെഡിക്കൽ രംഗത്തെ പുതിയ പ്രവണതകൾ പഠിക്കാനുതകുന്ന വിധം കാലാകാലങ്ങളിൽ സിലബസ് പുതുക്കാറുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) 1951-ൽ അന്നത്തെ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്ത് തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ സംസ്ഥാനത്തെ ആദ്യ മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത് ആരംഭിച്ചു. 1951-52-ൽ പരിഷ്ക്കരിച്ച മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ സിലബസാണ് നടപ്പിലാക്കിയത്.

(ബി) കാലാകാലങ്ങളിൽ ആരോഗ്യ രംഗത്തെ ആവശ്യാനുസരണം ഇത് പുതുക്കാറുണ്ട്. 1997-ലാണ് ഇത് അവസാനമായി പുതുക്കിയത്. സമൂഹത്തിലെ ആരോഗ്യ സംരക്ഷണത്തിന് ഡോക്ടർമാരെ പ്രാപ്തരാക്കത്തക്ക പരിശീലനം നൽകുന്നവിധത്തിലാണ് ഈ പരിഷ്ക്കരണം വന്നിട്ടുള്ളത്.

(സി) ബാധകമല്ല.

ആയുർവേദ ഔഷധങ്ങളുടെ വില വർദ്ധനവ് തടയാൻ നടപടി

26 (*615) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരിഷ്ടാസവങ്ങൾക്ക് എക്സൈസ് തീരുവ ചുമത്താനുള്ള കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശം ആയുർവേദ ഔഷധ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ അരിഷ്ടാസവങ്ങൾക്കും ഡ്യൂട്ടി പ്രൂഫ് ലിറ്ററിന് റീട്ടെയിൽ വിലയുടെ നാല് ശതമാനം ഉയർത്തിയതുമൂലം ആയുർവേദ ഔഷധങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയുർവേദ ഔഷധങ്ങളുടെ വില വർദ്ധനവ് തടയുന്നതിനും ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനതലത്തിൽ നടപടിയൊന്നും സാദ്ധ്യമല്ല.

(സി) ഉണ്ട്.

(ഡി) ആയുർവേദ ഔഷധങ്ങൾക്ക് വില നിശ്ചയിക്കുവാനോ, വില നിയന്ത്രിക്കുവാനോ ഇപ്പോൾ നിയമവ്യവസ്ഥയൊന്നും നിലവിലില്ല. കേന്ദ്ര ഉത്തരവായ ഔഷധവില നിയന്ത്രണ ഉത്തരവിന്റെ പരിധിയിൽ ആയുർവേദ ഔഷധങ്ങൾ വരുന്നില്ല. ആയതിനാൽ വില വർദ്ധനവ് നിയമ നടപടി വഴി തടയാനാവില്ല. ഔഷധങ്ങളുടെ നിർമ്മാണഘട്ടത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ കർശനമായി പരിശോധിക്കുന്നതിനാൽ വില വർദ്ധനവ് കാരണം ഗുണ നിലവാരം കുറഞ്ഞ മരുന്നുകളുടെ നിർമ്മാണം തടയാനാവും.

സംസ്ഥാനത്തെ മാനസികാരോഗ്യ ആശുപത്രികളുടെ പ്രവർത്തനം

27 (*616) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ ആശുപത്രികൾ ഏതെല്ലാമാണ് ;

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; ഇവ എന്നത്തേയ്ക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ആശുപത്രികളിൽ ഇപ്പോൾ എത്ര അന്തേവാസികളുണ്ട് ;

(ഡി) ഇവരിൽ സ്ത്രീകൾ, പുരുഷന്മാർ പ്രായപൂർത്തിയാകാത്തവർ എന്നിവർ എത്ര പേരുണ്ട് ;

(ഇ) കോടതി ഉത്തരവ് പ്രകാരം മാനസിക രോഗാശുപത്രിയിൽ എത്തപ്പെട്ടവരും രോഗം ഭേദമായിട്ടും ആശുപത്രികളിൽ കഴിയേണ്ടതായി വരുന്നവരും എത്ര പേരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly